**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 316** **23-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിപണി വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 25 കിലോയ്ക്ക് മുകളിലുള്ളവയ്ക്ക് ഇളവു നൽകിക്കൊണ്ട്, ചെറുകിടയായി പാക്കറ്റുകളിലാക്കി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾക്കുമേൽ ജി.എസ്.റ്റി. ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തെ മാർക്കറ്റുകളിൽ വിലവർദ്ധനവിന് കാരണമായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സപ്ലൈകോ അരി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പാക്കറ്റുകളിലാക്കിയാണ് വിപണനം നടത്തുന്നതെന്നതിനാൽ കേന്ദ്ര സർക്കാർ നടപടി പ്രതിസന്ധി സൃഷ്ടിക്കാനിടയുണ്ടോ; | (ബി) | സപ്ലൈകോ വിൽപന ശാലകളിലൂടെ അരി ഉപഭോക്താക്കളുടെ ആവശ്യത്തിനനുസരിച്ച് പാക്ക് ചെയ്യാതെ തൂക്കി ചില്ലറ വിൽപന നടത്തുന്നുണ്ട്. ആയതിന് GST ബാധകമല്ല. എന്നാൽ സപ്ലൈകോ ഔട്ട് ലെറ്റിൽ മറ്റ് അവശ്യസാധനങ്ങൾക്ക് 5% GST ബാധകമാണ്. |
| (സി) | പൊതുമാർക്കറ്റിലെ വില നിയന്ത്രിച്ച് നിർത്തുന്നതിന് സംസ്ഥാനത്ത് കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോൾ മുതൽ 14 ഇനം (ആദ്യഘട്ടത്തിൽ 13 ഇനം) അവശ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുകയില്ലെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അത് ഇപ്പോഴും തുടർന്ന് വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പൊതുവിപണിയിലെ ആവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ |

| | | | |
|---|---|---|---|
| | | | സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റ് വരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം **1956.80 കോടി രൂപയുടെ** പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി 2021 നവംബർ 30 മുതൽ ഡിസംബർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു.<br><br>കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (ഡി) | പൊതുമാർക്കറ്റിലെ വില നിയന്ത്രണത്തിന് സപ്ലൈകോ നടത്തുന്ന വിപണി ഇടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ? | (ഡി) | ഉണ്ട്. പൊതുവിപണിയിലെ ആവശ്യസാധനകളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. മല്ലിയുടെ വിലയിൽ 13 രൂപയുടെ കുറവ് വരുത്തിയിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന |

| | | | |
|---|---|---|---|
| | | | ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം **1956.80 കോടി രൂപയുടെ** പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനായി 2021 നവംബർ 30 മുതൽ ഡിസംബർ 9 വരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി വഴി സബ്സിഡി സാധനങ്ങൾ വിതരണം ചെയ്തിരുന്നു.<br><br>കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ